**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 220** **01-02-2023 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തരൂർ നിയോജക മണ്ഡലത്തിലെ വടക്കാഞ്ചേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിട നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (എ) | തരൂർ നിയോജകമണ്ഡലത്തിലെ വടക്കാഞ്ചേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ബഹു.എം.എൽ.എയുടെ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള കെട്ടിട നിർമ്മാണത്തിന്റെ ആദ്യ ഘട്ടമായ ഗ്രൗണ്ട് ഫ്ലോറിന്റെ മെയിൻ വാർപ്പ് പൂർത്തിയായിട്ടുണ്ട്. 2023 മാർച്ച് മാസത്തോടുകൂടി ആദ്യഘട്ടം പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>നിലവിൽ നിർമ്മാണത്തിലിരിക്കുന്ന പുതിയ കെട്ടിടത്തിന് മുകളിൽ നിർമ്മിക്കുന്ന ഒന്നാം നിലയുടെയും രണ്ടാം നിലയുടെയും പ്ലാനുകൾ തയ്യാറാക്കിയത് അംഗീകാരത്തിനായുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ